# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം.പി.11

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/09/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം.പി.11 തീയ്യതി: 25/09/2021

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ്.ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 23-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 23-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശീമതി സ്വപ്ന ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രേംനാഥ് ജി.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർമാർ
ശ്രീ.ശ്രീജിത്ത് എസ്.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർമാർ
ശ്രീ.ശരത് ജെ.ശങ്കർ, ഓഡിറ്റർ
ശ്രീമതി സഫന എൻ.എസ്.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വേണുഗോപാലൻ നായർ കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സിജു പി. | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ശ്രീ.സുനിൽ വി.അബ്ബാസ് | സെക്രട്ടറി | 17-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സബീന എൻ. | അസി.സെക്രട്ടറി | 01-04-2019 | 30-11-2019 |
| ശ്രീ.സുരേഷ് കുമാർ വി. | അസി.സെക്രട്ടറി | 30-11-2019 | 31-03-2020 |
| ശ്രീ.പദ്മതന്ദ്രൻ നായർ സി. | അസി.എഞ്ജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബ ബി.എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീതി ഡേവിഡ്സൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ബ്ലസ്സി പോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.നിമ്മി കെ.പൌലോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.അനിതകുമാരി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 14-11-2019 |
| ഡോ.വി.എം.ലീന | മെഡിക്കൽ ഓഫീസർ, ആയുർവേദം | 15-11-2019 | 31-03-2020 |
| ശ്രീമതി അർച്ചന എ.ആർ. | ICDS സൂപ്പർവേസർ | 01-04-2019 | 16-11-2019 |
| | | 17-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി കുമാരി കല | ICDS സൂപ്പർവേസർ | | |
| ശ്രീ.സമീർ ആർ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2019 | 02-07-2019 |
| ശ്രീ.സുമോദ് എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 03-07-2019 | 31-03-2020 |
| ശ്രീ.സുമേഷ് എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2019 | 18-11-2019 |
| ശ്രീ.ബിനുപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 19-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-1-1 |
| 3 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-1-2 |
| 4 | തനത് വരുമാനം കണക്കാക്കുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2 |
| 6 | ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ ഒരേ ഇനത്തിന് ഡെബിറ്റ്-ക്രഡിറ്റ് ബാലൻസ്<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 27-07-2021) | 1-2-1 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-2-2 |
| 8 | ബാങ്ക് ബുക്കിലും കാഷ് ബുക്കിലും ക്രഡിറ്റ് ബാലൻസ്<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-2-3 |
| 9 | അക്രൂവൽ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-4 |
| 10 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 27-07-2021) | 1-2-5 |
| 11 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-2-6 |
| 12 | പ്രൊവിഷൻ രേഖപ്പെടുത്താതെ ചെലവ് നടത്തി<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-7 |
| 13 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 29-07-2021) | 1-2-8 |
| 14 | ഡിപ്പോസിറ്റ് പ്രവൃത്തി-ചെലവഴിക്കാത്ത തുകകളുടെ വിശദാംശംവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-9 |
| 15 | ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല | 1-2-10 |

| | | |
|---|---|---|
| | Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | |
| 16 | തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-2-11 |
| 17 | സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് തുക ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-12 |
| 18 | വസ്തു നികുതി വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-13 |
| 19 | ജി.എസ്.ടി തുക ഡെപ്പോസിറ്റ് ഇനത്തിൽ സൂക്ഷിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-2-14 |
| 20 | പണമാകാത്ത ചെക്കുകകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-15 |
| 21 | നടപടിക്രമം പാലിക്കാതെ ചെക്കുകൾ എഴുതിത്തള്ളി<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-2-16 |
| 22 | അക്രൂവൽ വരുമാനങ്ങളുടെ ഡി.സി.ബി കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-2-17 |
| 23 | സാമ്പത്തിക വിശകലനം<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-4 |
| 25 | വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-4-1 |
| 26 | ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-4-2 |
| 27 | പദ്ധതി അവലോകനം<br>Written By: Mary Andrews (Audit Officer, On 28-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-5 |
| 28 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-6 |
| 29 | ക്ഷേമ പദ്ധതികൾ<br>Written By: Mary Andrews (Audit Officer, On 28-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-7 |
| 30 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Mary Andrews (Audit Officer, On 29-07-2021)<br>Last Updated By: Mary Andrews (Audit Officer, On 29-07-2021) | 1-9 |

| | | |
|---|---|---|
| 32 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Mary Andrews (Audit Officer, On 29-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-9-1 |
| 33 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mary Andrews (Audit Officer, On 30-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-10 |
| 34 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: K Sreeja (Deputy Director, On 28-09-2021) | 1-11 |
| 35 | വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തി<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-12 |
| 36 | വസ്തു നികുതി നിർണയം - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-13 |
| 37 | കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-13-1 |
| 38 | നികുതി ഇളവിന്റെ വിശദാംശം രേഖപ്പെടുത്തുന്നില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 30-07-2021) | 1-13-2 |
| 39 | നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-13-3 |
| 40 | കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-14 |
| 41 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-15 |
| 42 | കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും വിമുക്തഭടന്മാരുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-15-1 |
| 43 | കെട്ടിടങ്ങളുടെ നികുതി ഇളവ് കാലാവധിക്കു ശേഷം നികുതി പുനർ നിർണയിച്ചില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-15-2 |
| 44 | നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി പിരിവ്<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-16 |
| 45 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-17 |
| 46 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-18 |

| | | |
|---|---|---|
| | Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | |
| 47 | കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-18-1 |
| 48 | കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ ഇളവ് നൽകി<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-18-2 |
| 49 | ഓരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 1-18-3 |
| 50 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 07-08-2021) | 1-19 |
| 51 | വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-20 |
| 52 | മേഖല അടിസ്ഥാനത്തിൽ ഭൂപടം തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Mary Andrews (Audit Officer, On 29-07-2021) | 1-20-1 |
| 53 | ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-20-2 |
| 54 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-21 |
| 55 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-22 |
| 56 | അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-23 |
| 57 | കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 1-24 |
| 58 | ബി.എസ്.എൻ.എൽ ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-25 |
| 59 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-26 |
| 60 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല<br>Written By: Sarath J Sankar (Auditor, On 25-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-26-1 |
| 61 | ലൈസൻസ് പുതുക്കി നൽകിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-26-2 |

| | | |
|---|---|---|
| 62 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 26-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-27 |
| 63 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 26-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-28 |
| 64 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 26-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-29 |
| 65 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 26-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-30 |
| 66 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Safana N S (Auditor, On 29-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-31 |
| 67 | വെള്ളക്കരം അടവ് - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 28-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-32 |
| 68 | തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം<br>Written By: Mary Andrews (Audit Officer, On 28-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-33 |
| 69 | സ്റ്റുഡൻസ് പോലീസ് കേഡറ്റ്സിന് കാര്യക്ഷമത വർദ്ധിപ്പിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ-ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 29-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-34 |
| 70 | പോത്തൻകോട് യു.പി.എസിന് ഫർണ്ണിച്ചർ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 29-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-35 |
| 71 | മരുന്ന് വിതരണത്തിലുണ്ടാകുന്ന കാലതാമസം<br>Written By: Sreejith S K (Senior Grade Auditor, On 29-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-36 |
| 72 | എഫ്.എച്ച്.സിക്ക് മരുന്ന് വാങ്ങൽ- സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 29-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-37 |
| 73 | ലാബിലേക്ക് അവശ്യ ഉപകരണങ്ങളും ഉൽപ്രേരകങ്ങളും വാങ്ങൽ<br>Written By: Sreejith S K (Senior Grade Auditor, On 29-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-38 |
| 74 | അംഗനവാടി പോഷകാഹാര പദ്ധതി -ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Swapna R K (Asst. Audit Officer, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-39 |
| 75 | കാരുണ്യ ബഡ്സ് സ്കൂൾ- ഇന്ധന ചെലവ്-16255 രൂപ നിരാകരിക്കുന്നു<br>Written By: Swapna R K (Asst. Audit Officer, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-40 |
| 76 | കാരുണ്യ ബഡ്സ് സ്കൂൾ- വാഹന ചെലവും, ഡ്രൈവറുടെ വേതനവവും-69134 രൂപയുടെ തടസ്സം<br>Written By: Swapna R K (Asst. Audit Officer, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-41 |

| | | |
|---|---|---|
| 77 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-42 |
| 78 | ദുരിതാശ്വാസ നിധി -അപാകതകൾ<br>Written By: Mary Andrews (Audit Officer, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-43 |
| 79 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 01-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-44 |
| 80 | കാരുണ്യ ബഡ്സ് സ്കൂൾ- വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Swapna R K (Asst. Audit Officer, On 10-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-09-2021) | 1-45 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാരുണ്യ ബഡ്സ് സ്കൂൾ- ഇന്ധന ചെലവ്-16255 രൂപ നിരാകരിക്കുന്നു<br>Written By: Swapna R K (Asst. Audit Officer, On 30-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 27-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 24-07-2021)<br>Last Updated By: Sarath J Sankar (Auditor, On 27-07-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 01-08-2021)<br>Last Updated By: Mary Andrews (Audit Officer, On 01-08-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 01-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mary Andrews (Audit Officer, On 01-08-2021)<br>Last Updated By: K Sreeja (Deputy Director, On 28-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 31-07-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 22-09-2021) | 4-10 |
| **അനുബന്ധം** | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ്, 22.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു. പ്രതീക്ഷിത വരവ് 419901095/- രൂപയും ചെലവ് 431598686/- രൂപയുമാണ്.

### 1-1-1 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501004 | Agriculture And Related Sectors- Animal Husbandry | - | 3,50,000/- |
| 2 | 2501039 | Animal Husbandry-Infrastructure | - | 4,72,000/- |
| 3 | 2502001 | Soil And Water Conservation | - | 4,27,440/- |
| 4 | 250300101 | Small Scale Industries And Micro Enterprises | - | 42,342/- |
| 5 | 251100601 | SSA & Other Educational Programs | - | 9,18,000/- |

### 1-1-2 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത

2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് കോഡ് (ബജറ്റ്) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|
| 2501005 | Agriculture And Related Sectors- Vegetables | 1,48,500/- | 0 |
| 2501031 | Animal Husbandry -Cow | 4,00,000/- | 0 |
| 2501045 | Dairy Development-Fodder Grass | 9,00,000/- | 0 |
| 2502006 | Water Conservation | 9,00,000/- | 0 |
| 2521002 | Energy -Other Electrification Programs | 16,58,000/- | 0 |

### 1-1-3 തനത് വരുമാനം കണക്കാക്കുന്നതിൽ അപാകത

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രധാന നികുതിയേതര വരവ് ഇനങ്ങളുടെ ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ഹെഡ് | ഇനം | പ്രതീക്ഷിത വരവ് | എ.എഫ്.എസ് പ്രകാരം |
|---|---|---|---|
| 1301001 | Rent From Land And Building | 17,00,000/- | 9,91,440/- |
| 1711001 | Interest From Bank Accounts | 5,50,000/- | 9,24,067/- |

2019-20 വർഷത്തെ ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/22.07.2021 ന് മറുപടി ലഭ്യമായില്ല. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന. ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.06.2020 | - | - |

## 1-2-1 ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ ഒരേ ഇനത്തിന് ഡെബിറ്റ്-ക്രഡിറ്റ് ബാലൻസ്

2019-20 സാമ്പത്തിക വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പരിശോധിച്ചതിൽ Closing Balance-ൽ ഒരേ ഇനത്തിന് Debit, Credit, നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു. ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ഇത്തരത്തിൽ ഒരേ ഇനത്തിന് Debit, Credit ബാലൻസ് തുകകൾ രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

2019-20 ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 1,31,66,420/- രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase / Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിട്ടുള്ളത് 5,09,583/-രൂപയാണ്. വാർഷിക കണക്കുകളിലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-3 ബാങ്ക് ബുക്കിലും കാഷ് ബുക്കിലും ക്രഡിറ്റ് ബാലൻസ്

2019-20 വർഷം വിവിധ ദിവസങ്ങളിൽ ബാങ്ക് ബുക്കിലും കാഷ് ബുക്കിലും നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻസ് (-Ve) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ

| ബാങ്ക് ബുക്ക് -450250110 TSB A/C | | | |
|---|---|---|---|
| Head Code | Description | Debit | Credit |
| 10.04.2019 | Opening Balance | 337332 | |
| 251300801 | Salaries Permanent Staff | | 394649.00 |
| | Closing Balance | (57317.00) | |
| 08.05.2019 | Opening Balance | | (57317.00) |
| 210100108 | Salaries Engineer | | 50938.00 |
| 210100108 | Salaries Engineer | | 50938.00 |
| | Closing Balance | (159193) | |

കാഷ് ബുക്ക് -450100101

| Head Code | Description | Debit | Credit |
|---|---|---|---|
| 09.07.2019 | Opening Balance | 0 | |
| | Receipt | 12312 | |
| | Payment | | 22624 |
| | Closing Balance | (10312.00) | |
| 10.07.2019 | Opening Balance | | (10312.00) |
| | Receipt | 14381 | |
| | Payment | | 12881 |
| | Closing Balance | (8812.00) | |

## 1-2-4 അക്രൂവൽ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ, ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ഇത്തരത്തിൽ ഡിമാന്റ് നടത്തിയിട്ടില്ല.

2019-20 വർഷം വസ്തു നികുതി, തൊഴിൽ നികുതി ഡിമാന്റ് രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 01.04.2019 |
| | | 17.01.2020 |
| | | 13.02.2020 |
| 110100103 | Property Tax On Non Residential Building | 01.04.2019 |
| | | 19.02.2020 |
| | | 26.02.2020 |
| | | 31.03.2020 |
| 110200101 | Profession Tax Institution/Traders | 10.04.2019 |
| | | 29.08.2019 |
| | | 31.08.2019 |
| | | 19.03.2020 |
| | | 31.03.2020 |

## 1-2-5 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല

2019-20 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക

ധനകാര്യപത്രിക ബാലൻസ് ഷീറ്റ്, B-14 Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-6 അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-7 പ്രൊവിഷൻ രേഖപ്പെടുത്താതെ ചെലവ് നടത്തി

ഗ്രാമപഞ്ചായത്തിലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷത്തിൽ കുടിശ്ശികയുള്ള മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. എന്നാൽ 2019 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്

## 1-2-8 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ പ്രോ.നം.100/20-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന ഡെപ്പോസിറ്റ് പ്രവൃത്തി (ചെലവ് തുക 91832/-) 460500202 Advance To Implementing Agencies Deposit With Kerala Electricity Board എന്ന Asset ഹെഡിൽ ചെലവ് ചെയ്യുന്നതിന് പകരം 230500704 എന്ന ഹെഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രസ്തുത പ്രവൃത്തിയുടെ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

## 1-2-9 ഡിപ്പോസിറ്റ് പ്രവൃത്തി-ചെലവഴിക്കാത്ത തുകകളുടെ വിശദാംശംവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

വിവിധ നിർവഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ അനുവദിച്ച നൽകിയ തുകകളിൽ 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Particulars | UC Received During 2019-20 | Balance Amount |
|---|---|---|---|
| 460500201 | Deposit With Kerala Water Authority | 1369852 | 4487269/- |
| 460500202 | Deposit With Kerala Electricity Board | 30436 | 1665534/- |
| 460500204 | Deposit With Ground Water Authority | 0 | 256810/- |
| 460500205 | Deposit With PWD | 0 | 580000/- |

ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള തുകകളിലെ ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശവും 2019-20 വർഷം ലഭിച്ച വിനിയോഗ സാക്ഷ്യപത്രങ്ങളും ഏജൻസികൾക്ക് അനുവദിച്ച തുകകൾ നാളിതുവരെ ചെലവഴിക്കാത്തതിന് കാരണങ്ങളുടെ വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

## 1-2-10 ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകിയില്ല

2018-19 വർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ ചെലവഴിക്കാൻ അവശേഷിച്ച 21010/-രൂപ നാളിതുവരെ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല. പ്രസ്തുത തുക 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ 320800101 Beneficiary Contributions എന്ന ഹെഡിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നല്കുന്നതിന് നടപടികൾ സ്വീകിക്കേണ്ടതാണ്.

## 1-2-11 തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട്, 450250102 Treasury Own Fund VPFA-1-2 അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക്, റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ

രേഖകൾ ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2-12 സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് തുക ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് /ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളിൽ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ, 2019-20 വർഷവും ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2019-20 വർഷം യതൊരു തുകയും ചെലവഴിക്കാത്ത ഹെഡിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | 2018-19 ബാലൻഷീറ്റ് | 2019-20 ബാലൻഷീറ്റ് |
|---|---|---|---|
| 320700105 | Contribution Of Joint Venture Project (For Capital Expenditure)-From District Panchayaths | 200000 | 200000 |

## 1-2-13 വസ്തു നികുതി വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി - റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനത്തിലെ 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-15, 2019-20 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് (RP-43), 2019-20 ബാലൻസ് ഷീറ്റ് എന്നിവ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | 2018-19 B-15 (Current &Arrears With LC) | 2019-20 RP-43 Arrears | 2019-20 B-15 Arrears With LC |
|---|---|---|---|---|
| 1 | Property Tax On Residential Building | 787612 | 866263+ (LC=43313) | 17620 |
| 2 | Property Tax On Non Residential Building | 1039929 | 400973+ (LC=20048) | 70874 |

2018-19 സാമ്പത്തിക വർഷാവസാനം വസ്തു നികുതി - നോൺ റസിഡൻഷ്യൽ ഇനത്തിൽ ലഭിക്കാനുള്ള തുക 10,39,929/-രൂപയായിരുന്നു(ലൈബ്രറി സെസ് ഉൾപ്പെടെ). 2019-20 വർഷം വസ്തു നികുതി -നോൺ റസിഡൻഷ്യൽ കടിശ്ശികയിനത്തിൽ 4,00,973/-രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരമുള്ള കടിശ്ശിക തുക 70,874/-രൂപ മാത്രമാണ് (ലൈബ്രറി സെസ് ഉൾപ്പെടെ).

## 1-2-14 ജി.എസ്.ടി തുക ഡെപ്പോസിറ്റ് ഇനത്തിൽ സൂക്ഷിക്കുന്നു.

2018-19, 2019-20 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം 340200199 നമ്പർ ഹെഡിൽ Other Deposits Revenue എന്ന ഇനത്തിൽ 34200/-രൂപ നീക്കിയിരിപ്പുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ പ്രസ്തുത തുക ജി.എസ്.ടി ഇനത്തിൽ പിരിച്ചെടുത്ത തുകയാണ്.(Cash GST Voucher No.117090107801/21.02.2018). പ്രസ്തുത തുക നാളിതുവരെയും സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്താതെ ഡെപ്പോസിറ്റ് ഇനത്തിൽ സൂക്ഷിക്കുകയാണ്.

## 1-2-15 പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി

ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള മൂന്ന് മാസം കാലാവധി കഴിഞ്ഞതും മൂന്ന് വർഷം

പൂർത്തിയാക്കാത്തുമായ താഴെപ്പറയുന്ന Uncashed ചെക്കുകൾ, വാർഷിക ധനകാര്യ പത്രിക Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ (350800101) ഉൾപ്പെടുത്തുന്നതിന് പകരം തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി.

| ബാങ്ക് | അക്കൗണ്ട് നം | വൗച്ചർ നം.തീ | ഇൻസ്ട്രുമെന്റ് നം /തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| തിരു.ജില്ലാ സഹകരണ ബാങ്ക് | 020221201200001 (450230101) | 21800242/ 11.05.2018 | 46131/ 11.06.2018 | 1500/- | Cheques Issued But Not Presented Into Bank |
| | | 21800805/ 30.10.2018 | 47648/ 30.10.2018 | 695/- | Cheques Issued But Not Presented Into Bank |

## 1-2-16 നടപടിക്രമം പാലിക്കാതെ ചെക്കുകൾ എഴുതിത്തള്ളി

ഗ്രാമപഞ്ചായത്തിന് തനത് വരുമാന പ്രകാരം ലഭിച്ചതിൽ മൂന്ന് വർഷം കാലാവധി കഴിയാത്ത താഴെപ്പറയുന്ന Uncashed ചെക്കുകൾ നടപടിക്രമം പാലിക്കാതെയും സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ കൂടാതെയും എഴുതിത്തള്ളി.

| ക്രമ നം | ബാങ്ക് | അക്കൗണ്ട് നം | വൗച്ചർ നം.തീ | ഇൻസ്ട്രുമെന്റ് നം / തീയതി | തുക | റിമാർക്സ് | എഴുതിത്തള്ളിയ വൗച്ചർ/തീ |
|---|---|---|---|---|---|---|---|
| 1 | തോന്നയ്ക്കൽ അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 508mb (450630101) | 31800050/ 19.05.2018 | രേഖപ്പെടുത്തിയിട്ടില്ല | 200/- | Cheques Deposited But Not Collected | 21901052, /13.02.2020 |
| | | | 31800057/ 26.05.2018 | രേഖപ്പെടുത്തിയിട്ടില്ല | 600/- | | |
| 2 | തിരു.ജില്ലാ സഹകരണ ബാങ്ക് | 020221201200001 (450230101) | 118090500004/ 22.05.2018 | 510147/ 24.02.2018 | 1000/- | Cheques Deposited But Not Collected | 21901051 /13.02.2020 |

## 1-2-17 അക്രൂവൽ വരുമാനങ്ങളുടെ ഡി.സി.ബി കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ തനത് വരുമാനങ്ങളായ ഫാക്ടോസ് ലൈസൻസ്, തൊഴിൽ നികുതി (പ്രൊഫഷൻ), വാടക, ലേലം എന്നിവയുടെ ഡി.സി.ബി വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥ വരവ്, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24887953 |
| വരവ് | 96499208 |
| ആകെ | 121387161 |
| ചെലവ് | 95989625 |
| നീക്കിയിരിപ്പ് | 25397536 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക* | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13274374 | 13274374 | 12021511 | 1252863 | 29998 |
| വികസനഫണ്ട് | 0 | 8145235 | 8145235 | 5008140 | 3137095 | 693700 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 13065221 | 13065221 | 4690368 | 8374853 | 1479748 |
| ലോകബാങ്ക് സഹായം | 0 | - | - | - | - | - |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11134000 | 11134000 | 4924811** | 11134000 | 244185 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4957000 | 4957000 | 4146868 | 810132 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1538941 | 0 | 1538941 | 560442 | 978499 | - |
| എസ്.എസ്.എ | 363304 | 0 | 363304 | 0 | 363304 | - |
| ഐ.സി.ഡി.എസ് | 526594 | 1044920 | 1571514 | 500000 | 1071514 | - |
| എൻ.ആർ.ഇ .ജി.എസ് | 5098 | 45679829 | 45684927 | 45684927 | 0 | - |
| ടോട്ടൽ സാനിട്ടേഷൻ | 529596 | 0 | 529596 | 0 | 529596 | - |
| ആരോഗ്യ വകുപ്പ് ഫണ്ട്(കെട്ടിട നിർമ്മാണം) | 306693 | 0 | 306693 | 0 | 306693 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 66582 | 17893586 | 17960168 | 16893586 | 1066582 | |
| ആർ.ജി.പി.എസ്.എ ഫണ്ട് | 662 | 0 | 662 | 0 | 662 | |

*ലാപ്സായ തുക ക്യൂ ബിൽ ഉൾപ്പെടെയുള്ള തുകയാണ് .

**അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുക 6559414/-

## 1-4-1 വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാതെ അവശേഷിച്ച വിവിധ ഗ്രാന്റുകൾ 2019-20 വർഷവും ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഗ്രാന്റ് | 2018-19 ബാലൻസ് ഷീറ്റ് | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 320100115 | ടോട്ടൽ സാനിട്ടേഷൻ | 529596 | 0 | 529596 |
| 320100116 | എസ്.എസ്.എ | 363304 | 0 | 363304 |
| 320100199 | ആർ.ജി.പി.എസ്.എ ഫണ്ട് | 662 | 0 | 662 |
| 320200307 | ആരോഗ്യ വകുപ്പ് ഫണ്ട്(കെട്ടിട നിർമ്മാണം) | 306693 | 0 | 306693 |

ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ ഫലപ്രദമായും പൂർണ്ണമായും വിനിയോഗിക്കുന്നതിനും തുക പാഴായി പോകാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-4-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തെ വിവിധ ഫണ്ടുകൾ/ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 13274374 | 12021511 | 1252863 |
| | Grant Statement | 13274374 | 14507118 | -1232744 |
| Development Fund (SCP) | ACR | 8145235 | 5008140 | 3137095 |
| | Grant Statement | 8145235 | 5169905 | 2975330 |
| Maintenance Fund -Road | ACR | 11134000 | 6559414 | 4574586 |
| | AFS | 4924811 | 4924811 | - |
| | Grant Statement | 11134000 | 4924811 | 6209189 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 185 | 123104084 | 144 | 76640968 | 5 | 36 |

പദ്ധതി ഫണ്ട് പരമാവധി ഗുണപ്രദമായ രീതിയിൽ ചെലവഴിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5098 | 1344436 | 1349534 | 1349534 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 44335393 | 44335393 | 44335393 | 0 |
| ആകെ | 5098 | 45679829 | 45684927 | 45684927 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 363360 | 277 |
| കർഷകതൊഴിലാളി വേതനം | 1864800 | 473 |
| വിധവാ പെൻഷൻ | 11406000 | 1172 |
| വാർദ്ധക്യ കാല പെൻഷൻ | 17261700 | 2413 |
| വികലാംഗ പെൻഷൻ | 2899200 | 400 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 246000 | 26 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2021, 3.45PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,015/-രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച് 2018-19 വർഷത്തെ അപാകതകൾ നിലവിലും തുടരുന്നു (ഓ.റി. 18-19 ഖ:1-9). പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9-1 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിലെ രജിസ്റ്ററുകളുടെ പരിപാലനം വളരെ ശോചനീയമാണ്.

1. ഫർണിച്ചർ രജിസ്റ്റർ

സെക്രട്ടറി നടപ്പാക്കിയ 'പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ' (നം.137) പദ്ധതി പ്രകാരം 372786-രൂപയ്ക്ക് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിതരണ വിവരങ്ങൾ

ലഭ്യമല്ല.

2. വെള്ളക്കരം, കറന്റ് ചാർജ് രജിസ്റ്ററുകൾ

വെള്ളക്കരം, വൈദ്യുതിക്കരം എന്നിവയ്ക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ ഉണ്ടാകുന്ന അധിക ചെലവ് ശ്രദ്ധയിൽപ്പെടാതെ പഞ്ചായത്ത് ഫണ്ടിന്റെ നിരന്തര ചോർച്ചയ്ക്ക് കാരണമാകുന്നു.

3. കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ രജിസ്റ്റർ

സെക്രട്ടറി നടപ്പാക്കിയ 'കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി എടുക്കൽ' (നം.67) പദ്ധതി പ്രകാരം പഞ്ചായത്തിലെ കംപ്യൂട്ടർ, യു.പി.എസ്., സെർവർ എന്നിവയ്ക്കായി 100198-രൂപ ചെലവിൽ എ.എം.സി എടുത്തിട്ടുണ്ട്. എന്നാൽ കംപ്യൂട്ടർ രജിസ്റ്ററിൽ എ.എം.സിയുടെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

4. നിക്ഷേപ പ്രവർത്തികളുടെ രജിസ്റ്റർ

പഞ്ചായത്തിലെ വിവിധ പ്രവർത്തികൾക്കായി വിവിധ ഏജൻസികളിൽ (Kwa,Kseb) നിക്ഷേപിച്ചിട്ടുള്ള തുകകൾ വർഷങ്ങളായി പ്രവർത്തി പൂർത്തീകരിക്കാതെ ബന്ധപ്പെട്ട ഏജൻസികളിൽ അവശേഷിക്കുന്നു. നിക്ഷേപ പ്രവർത്തികൾക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ പുരോഗതി/പൂർത്തീകരണ വിവരങ്ങളൊന്നും ലഭ്യമല്ല. ആയതിനാൽ നിക്ഷേപ പ്രവർത്തികൾക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5. ലോൺ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ, വിവിധ ഋണശീർഷ വരവു തുകകളുടെ രജിസ്റ്റർ (ഡെപ്പോസിറ്റ് രജിസ്റ്റർ) എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ ലോൺ തിരിച്ചടവും വിവിധ ഋണശീർഷ വരവുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019 | 08.07.2019 | |
| ഏ.ജി.ഓഡിറ്റ് | 22.10.2020 | 2015-16 മുതൽ 2019-20 വരെ | |

## 1-11 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 305 | | സജീഷ് കുമാർ .വി.ആർ | 707923 | 119090106444 | 10/12/2019 | 2019 | 1585 |
| 2 | 12 | 114 | | ജോർജ്ജ് | 708338 | 119090106805 | 20/12/2019 | 2019 | 1851 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | ഉമ്മൻ | | | | | |
| 3 | 17 | 98 | 1 | സദൻ | 708892 | 119090107250 | 09/01/2020 | 2019 | 529 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 01/12.07.2021 ന് മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ഇപ്കാരം സഞ്ചയയിൽ കുറവ് വരുത്താത്തതിനാൽ തുടർ വർഷങ്ങളിലെ ഡിമാന്റിലും കളക്ഷനിലും ടി തുക കുറവായി ഈടാക്കപ്പെടുന്നു. അതുവഴി വരുമാനനഷ്ടവും സംഭവിക്കുന്നു. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ അടിയന്തിര പരിശോധന ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി നിർണയം നടത്തി

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര്, വിലാസം | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 6/112/3 | അബൂബേക്കർ, എം. എ. കെ. പ്ളാസ, പോത്തൻകോട് | ഷോപ്പുകൾ | 202.66$m^2$ |
| 2 | 6/109/1 | ഇ നിസാറുദ്ദീന്, ന്യൂ റേ കോംപ്ലക്സ്, പോത്തൻകോട് | ഷോപ്പുകൾ | 319.9 $M^2$ |
| 3 | 6/109/2 | | ഷോപ്പുകൾ | 283.3 $M^2$ |
| 4 | 6/109/3 | | ഷോപ്പുകൾ | 399.1 $M^2$ |
| 5 | 6/11/3 | സലാഹുദീൻ, എസ്. ടി. മൻസിൽ, പോത്തൻകോട് | ഷോപ്പുകൾ | 185.67 $M^2$ |
| 6 | 6/15/3 | അബ്ദുൾ ഹക്കിം /നസ്രത്ത് ബീഗം ഈസ്റ്റ് വെസ്റ്റ് ടൌവർ, പോത്തൻ കോട് | ഷോപ്പുകൾ | 125.73 $M^2$ |

ഗ്രാമപഞ്ചായത്തിലെ 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയായിരിക്കെ 45/- രൂപ നിരക്കിലാണ് മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/12.07.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണയം - അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

### 1-13-1 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തിയില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ 1,2,11 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ വസ്തു നികുതി ഇളവ് നൽകാത്ത താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുകയോ നികുതി തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 2/189 | പ്രഭാകരൻപിള്ള | പാർപ്പിടം | 70 $M^2$ |
| 2 | 2/466 | വിജയകുമാർ | പാർപ്പിടം | 81.9 $M^2$ |
| 3 | 2/494 | താജുദ്ദീൻ | പാർപ്പിടം | 72 $M^2$ |

| | | | | |
|---|---|---|---|---|
| 4 | 1/283 | തങ്കമ്മ | പാർപ്പിടം | 70 $M^2$ |
| 5 | 1/199 | രത്നമ്മ | പാർപ്പിടം | 63 $M^2$ |
| 6 | 1/198 | ഓമന | പാർപ്പിടം | 63 $M^2$ |
| 7 | 11/9/A | രവീന്ദ്രനാശാരി | പാർപ്പിടം | 120 $M^2$ |
| 8 | 11/33 | സൈമൺ | പാർപ്പിടം | 70 $M^2$ |
| 9 | 11/318 | റംല സഹീർ | പാർപ്പിടം | 128 $M^2$ |
| 10 | 11/372/A | ഓമന അമ്മ | പാർപ്പിടം | 70 $M^2$ |

## 1-13-2 നികുതി ഇളവിന്റെ വിശദാംശം രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവിന്റെ വിശദാംശം സഞ്ചയ സോഫ്റ്റ്വെയറിൽ കൃത്യമായും രേഖപ്പെടുത്തുന്നില്ല. മൂന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ, വസ്തു നികതി ഡിമാന്റ് ചെയ്യാത്ത 162 കെട്ടിടങ്ങളിൽ (നികതി തുക പൂജ്യം), 4 കെട്ടിടങ്ങളുടെ ഇളവ് വിവരം മാത്രമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 158 കെട്ടിടങ്ങൾക്ക് നികതി ഇളവ് നൽകിയതിന്റെ കാരണം വ്യക്തമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 3/3/17 | കമലമ്മ (കറുപ്പുകോണം,മഞ്ഞമല,മഞ്ഞമല | പാർപ്പിടം |
| 2 | 3/3/22 | സ്വർണ്ണമ്മ(പുതുവൽ പുത്തൻ വീട്,മഞ്ഞമല | പാർപ്പിടം |
| 3 | 3/3/33 | ശാർങ്ങധരൻ(പ്രഭ മന്ദിരം,മഞ്ഞമല | പാർപ്പിടം |
| 4 | 3/3/319 | ശിവകുമാർ(പുതുവൽ പുത്തൻ വീട് | പാർപ്പിടം |
| 5 | 3/15 | സുശീല സി(പുതുവൽ പുത്തൻ വീട്, | പാർപ്പിടം |
| 6 | 3/19 | രാജമ്മ(മുരുക വിലാസം,മഞ്ഞമല, | പാർപ്പിടം |
| 7 | 3/21 | കൃഷ്ണൻ കുട്ടി നായർ(അശ്വതി ഭവൻ | പാർപ്പിടം |
| 8 | 3/24 | മണിയൻ ആശാരി(രജനി ഭവൻ,മഞ്ഞമല | പാർപ്പിടം |
| 9 | 3/26 | രാമകൃഷ്ണൻ(പണിക്കംവിളാകം,മഞ്ഞമല | പാർപ്പിടം |
| 10 | 3/27 | സചിത്ര.കെ(ഐശ്വര്യ ഭവൻ,കരിപ്പുകോണം | പാർപ്പിടം |

## 1-13-3 നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ്വെയറിൽ 2,6,11 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 6/64 | സീത | പാർപ്പിടം | 28 $M^2$ | 2840/- |
| 2 | 6/160 | രാധമ്മ | പാർപ്പിടം | 45 $M^2$ | 1109/- |
| 3 | 6/209 | ശിവൻ പിള്ള | പാർപ്പിടം | 58.29 $M^2$ | 1176/- |
| 4 | 2/2 | ദാമോദരൻ | പാർപ്പിടം | $64m^2$ | 951/- |
| 5 | 2/519 | സുമതി അമ്മ | പാർപ്പിടം | 56 $M^2$ | 496/- |
| 6 | 11/4 | അമീർ | പാർപ്പിടം | 70 $M^2$ | 1256/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04,06/13.07.2021,10/15.07.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം12(1) പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെ വിവരം നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ പത്താം വാർഡിലെ ആദ്യ 200 കെട്ടിടങ്ങളും പതിനഞ്ചാം വാർഡിലെ ആദ്യ 100 കെട്ടിടങ്ങളും മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളുലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല.

| വാർഡ് -X | | | വാർഡ് -XV | | |
|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 4 | 4 | 1 | 8 | 8 | 1 |
| 37 | 37 | 1 | 15 | 15 | 1 |
| 59 | 59 | 1 | 23 | 23 | 1 |
| 64 | 64 | 1 | 31 | 31 | 1 |
| 71 | 71 | 1 | 36 | 36 | 1 |
| 73 | 73 | 1 | 40 | 40 | 1 |
| 87 | 87 | 1 | 74 | 74 | 1 |
| 132 | 132 | 1 | 76 | 76 | 1 |
| 145 | 145 | 1 | 92 | 92 | 1 |
| 180 | 180 | 1 | 94 | 94 | 1 |
| Total | | 10 | Total | | 10 |

സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമോളിഷ്ഡ് ബിൽഡിംഗ്, ഡിലീറ്റഡ് റെക്കോർഡസ് എന്നിവയിലും മേൽ കെട്ടിടങ്ങളുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.22/22.07.2021 -ന്റെ മറുപടിയിൽ സഞ്ചയ പരിശോധിച്ച് മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച്, ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതി പുനപരിശോധന നടത്തി വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ വസ്തു നികുതി ഇളവ് നൽകുന്നു. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-15-1 കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും വിമുക്തഭടന്മാരുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ മേൽ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇളവിന് അർഹരായവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-15-2 കെട്ടിടങ്ങളുടെ നികുതി ഇളവ് കാലാവധിക്കു ശേഷം നികുതി പുനർ നിർണയിച്ചില്ല

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തിന് മുൻപ് വിവിധ കാലയളവിൽ വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിലുൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവുകൾക്ക് ശേഷം

കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിക്കുകയോ ഡിമാന്റ് നടത്തുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | വിസ്തീർണം | നികുതി ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 14/16 | ഗോപിനാഥൻ നായർ | $64m^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |
| 2 | 14/424 | ഗോപിനാഥൻ നായർ,പത്മിനി | $155\ M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |
| 3 | 1//165 | അജിതകുമാരി | $60\ M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ 2017 രണ്ടാം അർദ്ധവർഷം വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/22.07.2021 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി പിരിവ്

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്)ചട്ടങ്ങൾ പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന കെട്ടിടത്തിൽ നിന്നും ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും കാണുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് | വിലാസം |
|---|---|---|
| 11/524/1 | ബസന്ത് | രാജവിലാസം,അരിയോട്ടുക്കോണം,അണ്ടൂർക്കോണം |

| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (6) (1+2+3+4+5) | Book No | Receipt No | Receipt Date | Collection Year |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2017 | Second Half | 0 | 0 | 0 | 0 | 1309 | 0 | 117090104309 | 09/11/2017 | 2017 |
| 2 | 2017 | Second Half | 0 | 0 | 0 | 0 | 467 | | 117090107017 | 27/01/2018 | 2017 |
| 3 | 2018 | First Half | 0 | 0 | 0 | 0 | 1776 | 38675 | 89 | 30/03/2019 | 2018 |
| 4 | 2018 | Second Half | 0 | 0 | 0 | 0 | 1776 | 38675 | 89 | 30/03/2019 | 2018 |
| ആകെ | | | | | | | 5328 | | | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/13.07.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യാതെ തുക പരിച്ചെടുത്തത് സ്ഥാപനത്തിന്റെ ഭാഗത്തെ ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2)(ബി) പ്രകാരം, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | ഉപയോഗ ക്രമം | കെട്ടിട ഉടമ | അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 6/426 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | കെ.പി.അബൂബക്കർ മൗലവി | 22.02.2019 | 01.04.2018 മുതൽ 30.09.2018 വരെ |
| 2 | 6/420 | | | 23.02.2019 | 01.04.2018 മുതൽ 30.09.2018 വരെ |
| 3 | 6/429 | | | 23.02.2019 | 01.04.2018 മുതൽ 30.09.2018 വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/22.07.2021 ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-18-1 കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള 68 കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം | ഉപ നം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 1 | 264 | 1 | ബേബി അമ്മ | 60.53 |
| 2 | 1 | 89 | | പത്മകുമാരി | 58 |
| 3 | 2 | 415 | 3 | രതീഷ് | 55 |
| 4 | 9 | 15 | | സോമൻപിള്ള | 55 |
| 5 | 1 | 33 | 1 | സുഭാഷ് | 54.93 |
| 6 | 18 | 804 | 1 | ഷീജ, | 45.95 |

| | | | | | |
|---|---|---|---|---|---|
| 7 | 14 | 614 | 1 | ശോഭന | 45 |

## 1-18-2 കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ ഇളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ 242 കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 17/86 | സൈനാബീവി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 17/106 | രാജകുമാരി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 2/151 | മോഹനൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 12/151 | സുരേഷ് കുമാർ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 10/240 | അനിൽകുമാർ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 2/278 | അച്യുതൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 2/109 | ലത | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

## 1-18-3 ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/195 | അബ്ദുൾ ലത്തീഫ്, മുഹമ്മദ് മൻസിൽ |
| | 16/196 | |
| 2 | 1/155/1 | ഓമന,ബൈജു ഭവൻ |
| | 1/155/2 | |
| 3 | 17/282 | ആനന്ദക്കുട്ടൻ നായർ,പള്ളിക്കൽ വീട്,കല്ലുവെട്ടി |
| | 3/114 | |
| 4 | 18/376 | അയിഷാ ബീവി, വിളയിൽ വീട്, വേങ്ങോട് |
| | 18/377 | |
| | 18/388 | |
| 5 | 3/399 | പത്മകുമാരി, ശരണ്യഭവൻ,തച്ചപ്പള്ളി |
| | 3/390 | |
| 6 | 2/270 | അജിത കുമാരി/സരളാ ദേവി അജിതാലയം |
| | 2/271 | |
| 7 | 15/23/1 | ശശിധരൻ ചെട്ടിയാർ, ചരുവിള വീട് |
| | 16/23/1 | |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/14.07.2021 ന് ലഭിച്ച മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | നികുതി ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | B1/112/ 02/03/2020 | 6/112/3 | അബൂബേക്കർ | വാണിജ്യ കെട്ടിടം | 202.66 $M^2$ | 2016 ഒന്നാം അർദ്ധവർഷം മുതൽ | 38304/- |
| 2 | 1072/19/ 15/02/2019 | 1/29 | ഗോപാലകൃഷ്ണൻ നായർ | വാണിജ്യ കെട്ടിടം | 17 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4344/- |
| 3 | 1072/19/ 15/02/2019 | 1/28 | ഗോപാലകൃഷ്ണൻ നായർ | വാണിജ്യ കെട്ടിടം | 17 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 2862/- |
| 4 | 384/ 19/03/2019 | 14/384 | മുഹമ്മദ് റാഫി | പാർപ്പിടം | 130 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 2385/- |
| 5 | B3/245/19 14/01/2019 | 2/420/1 | ശോഭനകുമാരി | പാർപ്പിടം | 100 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1632/- |
| 6 | B4/104/02/03/2020 | 12/104/. | സ്റ്റാലിൻ | പാർപ്പിടം | 180 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 959/- |
| 7 | Demolish_VnL_ 502720 10019252/ 24/09/2019 | 3/383/2 | ഷംജത്ത് | പാർപ്പിടം | 72.62 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 2190/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/14.07.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 വസ്തു നികുതി - മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-20-1 മേഖല അടിസ്ഥാനത്തിൽ ഭൂപടം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 1-20-2 ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 7/215/3 | കെ. ഗോപിനാഥന് നായർ | പോത്തൻകോട് പൌഡിക്കോണം ശ്രീകാര്യംറോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 7/215/7 | സുകുമാരൻ നായർ / തങ്കമണി | പോത്തൻകോട് പൌഡിക്കോണം ശ്രീകാര്യംറോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 1/222/1 | ശോഭന | മണലകം കട്ടിയാട് ലെയിൻ | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/223/1 | വത്സല | മണലകം കട്ടിയാട് ലെയിൻ | 1.5 മീറ്ററിൽ കൂടുതൽ | ത്രീതീയം |
| 3 | 6/239/5 | ബിസ്മിത. എ. എസ്, മഞ്ജു, ഷീജ ദേവി &ശ്രീകുമാർ | പോത്തൻകോട് യു.പി.എസ് നട റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 6/239/6 | | | | ദ്വിതീയം |
| | 6/239/8 | | | | തൃതീയം |
| 4 | 6/651/10 | സലാഹുദ്ദീൻ | പോത്തൻകോട് മേലെമുക്ക് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/651/11 | | പോത്തൻകോട് മേലെമുക്ക് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/15.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-21 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.( ഓഡിറ്റ് റിക്വിസിഷൻ നമ്പർ.02/15.07.2021). കൂടാതെ 2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ 2019-20 വർഷത്തെ വസ്തു നികുതി നാളിതുവരെ പിരിച്ചെടുത്തിട്ടില്ല.

| കെട്ടിട നം | കെട്ടിടത്തിന്റെ വിശദാംശം |
|---|---|
| 4/100/1 | അസ്സിസ്റ്റൻറ് ജനറൽ മാനേജർബി. എസ്. എൻ. എൽ ടെലികോം ഡിസ്ട്രിക്ട്,തിരുവനന്തപുരം |

| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (5) (1+2+3+4) |
|---|---|---|---|---|---|---|---|
| 1 | 2019 | First Half | 6045 | 303 | 0 | 0 | 6348 |
| 2 | 2019 | Second Half | 6045 | 302 | 0 | 0 | 6347 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം(നം.10/15.07.21)-ന് നൽകിയ മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചു. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തുടർനടപടികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ട (U/A രജിസ്റ്റർ) താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | XI/UA 210/1 | രവീന്ദ്രൻ നായർ, തിരുവോണം, ഇടത്താട് | വാസഗൃഹം | 122.5 $M^2$ |
| 2 | UA IX/160(2) | പ്രസന്നൻ ഡ്രീം നിവാസ്, മാടവിള, കാട്ടായിക്കോണം | വാസഗൃഹം | രേഖപ്പെട്ടുത്തിയിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ /26.07.2021 ന് ലഭിച്ച മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്താത്തത് ഗ്രാമപഞ്ചായത്തിന്റെ ഗുരുതര പിഴവാണ്. കൂടാതെ 2016-17 വർഷം മുതലുള്ള കെട്ടിടങ്ങളുടെ വിവരം മാത്രമാണ് U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി നിർണയം നടത്താത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

### 1-23-1 നിലവില്ലാത്തതും പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയതുമായ കെട്ടിടങ്ങളിൽ വാണിജാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011 -ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ 11-ാം വാർഡിലെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യകത |
|---|---|---|---|---|---|
| 1 | 11/357 | ശോഭന എം | പാർപ്പിടം | ശോഭന എം | രേഖപ്പെടുത്തിയിട്ടില്ല |
| 2 | XI/664 | സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | വാഹിദ് എം | സ്റ്റേഷനറി |
| 3 | XI/465 | സുരേന്ദ്രൻ | പാർപ്പിടം | ഷിബില ബീഗം | ഫാസ്റ്റ് ഫുഡ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/30.07.2021 ന് മറുപടി ലഭ്യമായിട്ടില്ല. കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളുകളിൽ/ കടമുറികളിൽ നിന്നും 2019-20വർഷത്തെ വാടക ഈടാക്കാനുണ്ട്.

| ക്രമ നം | കടമുറി നം | വാടകക്കാരന്റെ പേര് | കാലയളവ് | വാടക |
|---|---|---|---|---|
| മാർക്കറ്റ് സ്റ്റാൾ | | | | |
| 1 | സ്റ്റാൾ നം.9 | നജീബ് | 04/2019 മുതൽ 03/2020 വരെ | 12300/- |
| 2 | സ്റ്റാൾ നം.10 | ഷംസുദ്ദീൻ | 04/2019 മുതൽ 03/2020 വരെ | 20000/- |
| 3 | സ്റ്റാൾ നം.13 | നജീബ് | 04/2019 മുതൽ 03/2020 വരെ | 9900/- |
| 4 | സ്റ്റാൾ നം.21 | അർഷാദ് | 05/2019 മുതൽ 03/2020 വരെ | 42600/- |
| 5 | സ്റ്റാൾ നം.22 | സുന്ദരൻ | 05/2019 മുതൽ 03/2020 വരെ | 34425/- |
| 6 | സ്റ്റാൾ നം.23 | സുലോചന | 05/2019 മുതൽ 03/2020 വരെ | 38250/- |
| 7 | സ്റ്റാൾ നം.24 | അനിൽകുമാർ | 06/2019 മുതൽ 03/2020 വരെ | 21000/- |
| 8 | സ്റ്റാൾ നം.25 | അനിൽകുമാർ | 05/2019 മുതൽ 03/2020 വരെ | 40600/- |
| പോത്തൻകോട് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 9 | റൂം നം.3 | സുരേന്ദ്രൻ | 03/2020 | 7795 |
| 10 | റൂം നം.5 | മജീദ് | 12/2019 മുതൽ 03/2020 വരെ | 31180/- |
| 11 | റൂം നം.7 | അനിൽകുമാർ | 10/2019 മുതൽ 03/2020 വരെ | 46770/- |
| 12 | നം.VI/363 | പ്രസിഡന്റ്/സെക്രട്ടറി പ്രസ് ക്ലബ്ബ് | 04/2019 മുതൽ 03/2020 വരെ | 17556/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 29/24.07.2021 ന് മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-25 ബി.എസ്.എൻ.എൽ ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് തൊഴില് നികുതി ചട്ടങ്ങൾ ചട്ടം 4, 5 ന്റ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2019-20 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കൂടാതെ ബി.എസ്എൻ.എൽ ഓഫീസിൽ നിന്നും 2019-20 വർഷത്തിൽ സമർപ്പിച്ച തൊഴിൽ നികുതി പത്രികയിൽ ജീവനക്കാരുടെ വരുമാനത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 44/30.07.2021 ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

### 1-26-1 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-26-2 ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2018-19 വർഷത്തെ ഫാക്ട്യോസ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട 8,10,11,16 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 8/149(1) | ഷിഹാബുദ്ദീൻ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 8/570 | സെൽവരാജ് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 8/8 | ബേബി സെൻ തോമസ് | പവർ ടൂൾ |
| 4 | 8/58 | സാബു എസ് എസ് | സ്നാക്ക് പാക്കിങ് |
| 5 | 10/125 | വി ജെ സന്തോഷ് കുമാർ | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 10/262 | ലളിതമ്മ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 10/136 | എം സെയ്ബുദ്ധീൻ | കൃഷി സംബന്ധമായ സാധനങ്ങളുടെ വില്പന |
| 8 | 10/355 | എസ് കെ ബാബു | എക്സർസൈസ് മെഷീൻസ് വില്പന |
| 9 | 10/245 | ഗീതാകുമാരി ആർ | സ്റ്റേഷനറി ഷോപ്പ് |
| 10 | 11/377(1) | അജീഷ് എ | ഡിടിപി സെന്റർ |
| 11 | 11/362 | അമ്പിളി പി എം | പലചരക്ക് വ്യാപാരം |
| 12 | 16/207 | നജീം ജെ | മൊബൈൽ ഷോപ്പ് |
| 13 | 16/8,9 | വിഷ്ണു ജ്യോതി | ഇലക്ട്രിക്കൽ പ്ലംബിംഗ് മെറ്റീരിയൽസ് |
| 14 | 16/255 | അബ്ദുൽ ബഷീർ | പല വ്യഞ്ജന കട |
| 15 | 16/181 | ഷിബു എ | സോഡാ വാട്ടർ നിർമാണം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/30.07.2021ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-27 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FACTEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/20.07.2021 ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.15/20.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്തിൽ ജോലി ചെയ്യുകയും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയിട്ടില്ലാ എന്നതും ഉറപ്പാക്കി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-29 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266,1999ലെ കേരള പഞ്ചായത്തിരാജ്(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/20.07.2021ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായകളെ വളർത്താൻ പാടില്ല. എന്നാൽ 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും 7 വളർത്തു നായകൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/20.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന്

നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധക്ഷണിക്കുന്നു.

## 1-31 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററും രസീത് ബുക്കുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2. തുക ഒടുക്കുന്നതിനു മുമ്പായി കളക്ഷൻ രജിസ്റ്റർ ഡെയിലി വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

3. രസീത് ബുക്കുകളിൽ Certificate Of Count രേഖപ്പെടുത്തിയിട്ടില്ല

4. ക്യാൻസൽ ചെയ്ത രസീതുകളുടെ വിശദാംശം കളക്ഷൻ രജിസ്റ്ററിൽ എഴുതി ചേർക്കുന്നില്ല.

5. രസീതുകളിൽ പഞ്ചായത്തിന്റെ ഓഫീസ് സീൽ പതിപ്പിക്കുന്നില്ല.

6. രസീതുകളിൽ ലൈബ്രറി സെസ്, വസ്തു നികുതി ഉൾപ്പെടെയുള്ള ഇനങ്ങളുടെ തരം തിരിവ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലൈബ്രറി സെസ്സ് കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാ:രസീത് നം.62013/29,30 തീ.10.01.2020 രസീതിൽ ലൈബ്രറി സെസായി 147/- രൂപ ഈടാക്കുന്നതിന് പകരം 117/- രൂപയാണ് ഈടാക്കിയിട്ടുള്ളത്.

8. താഴെപ്പറയുന്ന രസീതുകൾ ക്യാൻസൽ ചെയ്തതായോ തുക ഒടുക്കിയതായോ കാണുന്നില്ല.

| രസീതു നം./തീയതി | വിശദാംശങ്ങൾ | തുക |
|---|---|---|
| 620013/36/10.01.2020 | വസ്തു നികുതി | 82 |
| 62008/100/03.01.2020 | വസ്തു നികുതി | 11 |

9. 2019-20 വർഷം ഉപയോഗിച്ച എല്ലാ രസീതുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

10. 2019-20 വർഷം ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല

ഉദാ: ബുക്ക് നം. 13502/42 മുതൽ 100 വരെ

11. രസീതുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെ തിരുത്തൽ വരുത്തുന്നു.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 33/26.07.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതുകളിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 വെള്ളക്കരം അടവ് - അപാകതകൾ

ഗ്രാമപഞ്ചായത്ത് നിലവിൽ 186 സ്ട്രീറ്റ് ടാപ്പുകൾക്ക് പ്രതിമാസം 81375-രൂപ വെള്ളക്കരമിനത്തിൽ അടച്ചുവരുന്നു. കൂടാതെ,സെക്രട്ടറി നടപ്പാക്കിയ പ്രോ.നം.217 'കേരള ജല അതോറിറ്റിക്കു അടയ്ക്കേണ്ട കുടിശ്ശിക തുക' പ്രകാരം 15019-രൂപ അടച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി) നം.2242/2011/തസ്വഭവ.28-09-2011 പ്രകാരം പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.9 ) മറുപടി ലഭ്യമാക്കിയില്ല. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താതെ ഭീമമായ തുക (പ്രതിമാസം 81375-രൂപ +15019- കുടിശ്ശിക) ഈയിനത്തിൽ അടവാക്കുന്നത് പഞ്ചായത്തു ഫണ്ടിന്റെ ശോഷണത്തിന് കാരണമാകും. മാത്രമല്ല, വെള്ളക്കരം അടവിന് രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല.
പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനും വെള്ളക്കരം അടവിന് രജിസ്റ്റർ സൂക്ഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം

തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 4/19ൽ 169141-രൂപ, 5/19ൽ 168642-രൂപ എന്നിങ്ങനെ ഓരോ മാസവും വ്യത്യസ്ത തുകകളാണ് അടവാക്കി വരുന്നത്. തസ്വഭവ. സർക്കുലർ നം.65529/ഡി.സി13/12 തീ.12.03.2013 പ്രകാരം തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മീറ്ററിംഗ് സംവിധാനമുള്ള തെരുവു വിളക്കുകൾ പഞ്ചായത്തിൽ ഉപയോഗത്തിലുണ്ടെങ്കിലും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത തെരുവു വിളക്കുകൾ നിലവിലും പ്രവർത്തിപ്പിക്കുന്നതു മൂലം ഈയിനത്തിൽ മാസം തോറും വലിയൊരു തുക പഞ്ചായത്തു ഫണ്ടിനു ആവർത്തന നഷ്ടം വരുന്നു. പഞ്ചായത്തിലെ തെരുവു വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സംവിധാനത്തിൽ ആക്കാത്തതിനുള്ള കാരണം വ്യക്തമല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9) ന് ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പാക്കുന്നതാണെന്ന് മറുപടി നല്കി.

തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണിയുടെ വിശദാംശങ്ങൾ, പഞ്ചായത്തിലെ വിവിധ വൈദ്യുതിക്കരം അടവ് എന്നിവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വൈദ്യുതിക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് ശ്രദ്ധയിൽപ്പെടുന്നില്ല. ആയതിനാൽ തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 സ്റ്റുഡൻസ് പോലീസ് കേഡറ്റ്സിന് കാര്യക്ഷമത വർദ്ധിപ്പിക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ- ചെലവ് തടസപ്പെടുത്തുന്നു

HM, GUPS കല്ലൂർ നടപ്പിലാക്കിയ പ്രോജക്ട് നം.216/19-20ൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ്സിന് കാര്യക്ഷമത വർദ്ധിപ്പിക്കൽ പദ്ധതിയിൽ 1,00,000/-രൂപ ചെലവ് വന്നതിൽ 50,000/-രൂപ വീതം HM,GHSS, അയിരൂർപ്പാറക്കും, HM,LVHS പോത്തൻകോടിനുമാണ് നൽകിയിരിക്കുന്നത്. ടി ചെലവുകളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. HM,GHSS,അയിരൂർപ്പാറ

A) HM,GHSS,അയിരൂർപ്പാറ യുടെ ബിൽ നം 2627/20.12.19പ്രകാരം സിറ്റി സ്പോർട്സ്, ആറ്റിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും ഫുട്ബാൾ വാങ്ങിയ ഇനത്തിൽ 1170/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി സാധനം സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
B) HM,GHSS,അയിരൂർപ്പാറയുടെ ബിൽ നം 1592/1.2.20പ്രകാരം പാലാഴി പെയിന്റ്സ്,കോലിയക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 7150/-രൂപക്ക് പെയിന്റ് സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ടി സാധനങ്ങൾ എന്തിന് വാങ്ങിയെന്നോ,എവിടെ ഉപയോഗിച്ചുവെന്നോ സമർഥിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
C) HM,GHSS,അയിരൂർപ്പാറ, വിജയ എൻറർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 90/7.2.20നം ബിൽ പ്രകാരം 8200/-രൂപക്ക് സ്റ്റീൽ ടേബിൾ,സ്റ്റീൽ അലമാര എന്നിവയും,ബിൽ നം 75/11.2.20 പ്രകാരം 21000/-രൂപക്ക് കസേരയും, 221/26.2.20 പ്രകാരം 3500/-രൂപയുടെ പെഡസ്റ്റൽ ഫാനും ഉൾപ്പെടെ ആകെ 32700/-രൂപയുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

സ്റ്റുഡൻസ് പോലീസ് കേഡറ്റ്സിന് കാര്യക്ഷമത വർദ്ധിപ്പിക്കൽ പദ്ധതിയിൽ പെയിന്റ് സാമഗ്രികൾ, ഫർണ്ണിച്ചർ എന്നിവ വാങ്ങിയത് എപ്രകാരമാണെന്നും കൂടാതെ സ്റ്റോർ പർച്ചേസ് മാന്വൽ-2013 പ്രകാരം എസ്റ്റിമേറ്റ് തുക 15000-രൂപക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ളതിന് ഖ.7.6, 7.31 പ്രകാരം ക്വട്ടേഷനും ക്ഷണിക്കേണ്ടതാണ്. അപ്രകാരവും ചെയ്തതായി കാണുന്നില്ല.

2. HM,LVHS പോത്തൻകോട്

HM,LVHS പോത്തൻകോടിന്റെ ചെലവ് രേഖകളിൽ 33400/-രൂപയുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ എത്ര ദിവസം ക്യാമ്പ് നടന്നു, എത്ര കുട്ടികൾ പങ്കെടുത്തു തുടങ്ങിയ ക്യാമ്പ് സംബന്ധിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല.

ടി വിഷയങ്ങളിൻ (A),(B),(C),(D) മേൽ വിശദീകരണം/രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം.12/19.7.2021 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ HM,GHSS,അയിരൂർപ്പാറക്ക് നൽകിയ തുകയിൽ 41020/-രൂപയും (1170+7150+32700) , HM, LVHS പോത്തൻകോടിന് നൽകിയ തുകയിൽ ചെലവ് രേഖകൾ ഹാജരാക്കാത്ത 33400/-രൂപയും ഉൾപ്പെടെ ആകെ 74420/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച വിഷയങ്ങളിൻ മേൽ വ്യക്തമായ വിശദീകരണവും,ചെലവ് രേഖകളും ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-35 പോത്തൻകോട് യു.പി.എസിന് ഫർണ്ണിച്ചർ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസപ്പെടുത്തുന്നു.

HM, GUPS, കല്ലൂർ നടപ്പിലാക്കിയ പോത്തൻകോട് യു.പി.എസിന് ഫർണ്ണിച്ചർ വാങ്ങൽ പ്രോജക്ടിൽ (നം. 144/19-20) 2,50,000/-രൂപ ചെലവ് വന്നിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരമുള്ള വാങ്ങലിന്റെ പരിശോധനക്കായി രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.12/19.7.2021 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ, ചെലവ് രേഖകൾ ഇവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ, മേൽ പറഞ്ഞ രേഖകളോ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 2,50,000/- ഓഡിറ്റ് തടസപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച വിഷയങ്ങളിൻ മേൽ വ്യക്തമായ വിശദീകരണവും, രേഖകളും ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-36 മരുന്ന് വിതരണത്തിലുണ്ടാകുന്ന കാലതാമസം

മെഡിക്കൽ ഓഫീസർ,ഹോമിയോയുടെ ബില്ലുകൾ പരിശോധിച്ചതിൽ HOMCO ആലപ്പുഴക്ക് തുക കൈമാറി മാസങ്ങൾക്ക് ശേഷമാണ് മരുന്നുകൾ ലഭ്യമാകുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
A. പ്രോജക്ട് നം 24 /19-20

Sanction Order 117/3.10.19 പ്രകാരം HOMCO ക്ക് ഒരു ലക്ഷം രൂപ നൽകുകയും എന്നാൽ 52365/- രൂപയുടെ മരുന്ന് ലഭ്യമായത് 6.6.20 ലും, 47635/- രൂപയുടെ മരുന്ന് ലഭ്യമായത് 5.4.21 ലുമാണ്. അതായത് തുക കൈമാറി 8 മാസങ്ങൾക്ക് ശേഷമാണ് ആദ്യ ഘട്ടവും (52365/- രൂപയുടെ മരുന്ന് ) 18 മാസങ്ങൾക്ക് ശേഷമാണ് രണ്ടാം ഘട്ടമായും(47635/- രൂപയുടെ മരുന്ന് ) മരുന്ന് എത്തുന്നത്.

B. പ്രോജക്റ്റ് നം 109/19-20

Sanction Order 119/3.10.19 പ്രകാരം HOMCO ക്ക് രണ്ട് ലക്ഷം രൂപ നൽകുകയും എന്നാൽ 95470/- രൂപയുടെ മരുന്ന് ലഭ്യമായത് 6.6.20 ലും, 77072/- രൂപയുടെ മരുന്ന് ലഭ്യമായത് 13.7.20 ലും, 27458/- രൂപയുടെ മരുന്ന് ലഭ്യമായത് 12.11.20 ലുമാണ്. ഇവിടെ മരുന്ന് പൂർണ്ണമായും ലഭ്യമാകുന്നതിന് ഒരു വർഷത്തിലധികം സമയമെടുത്തു.

C.പ്രോജക്റ്റ് നം 108/19-20

Sanction Order 118/3.10.19 പ്രകാരം 45,000/-യും, Sanction Order 135/17.10.19 പ്രകാരം 5,000/-യും( ആകെ 50,000) HOMCO ക്ക് മരുന്ന് വിതരണത്തിനായി നലകിയെങ്കിലും മരുന്ന് ലഭ്യമായത് 6.6.20 ലാണ്. മരുന്ന് വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും, മരുന്ന് വിതരണം കാലതാമസം കൂടാതെ നടത്തുന്നതിന് കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കുന്നതിനായി 19.7.21 ൽ ഓഡിറ്റ് അന്വേഷണം-14 നൽകിയിരുന്നുവെങ്കിലും ഇതുവരെയും മറുപടി നൽകിയിട്ടില്ല. മരുന്ന് വിതരണത്തിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും, ഭാവിയിൽ കാലതാമസം ഒഴിവാക്കുന്നതിനു സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 എഫ്.എച്ച്.സിക്ക് മരുന്ന് വാങ്ങൽ- സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല

എഫ്.എച്ച്.സിക്ക് അത്യാവശ്യ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റിൽ(പ്രോജക്റ്റ് നം 13/19-20) ഉത്തരവ് നം 18/13.6.19 പ്രകാരം 1,00,000/- രൂപയും, ഉത്തരവ് നം 21/13.6.19 പ്രകാരം3,00,000/-രൂപയും ഉൾപ്പെടെ ആകെ 4,00,000/- രൂപയും, എഫ് എച്ച് സി ക്ക് ആശ്വാസ് പെയിൻ ആന്റ് പാലിയേറ്റീവ് എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ് നം 12/19-20) ഉത്തരവ് നം 19/13.6.19 പ്രകാരം 2,00,000/- രൂപയും In House Drug Bank (IHDB) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ശ്രീ അവിട്ടം തിരുനാൾ ഹോസ്പ്പിറ്റൽ ഹെൽത്ത് എജ്യൂക്കേഷൻ സൊസൈറ്റി (SATHHES) യുടെ കീഴിലുള്ള 'In House Drug Bank'(IHDB) നിന്നാണ് മേൽ പറഞ്ഞ വാങ്ങലുകൾ നടന്നിട്ടുള്ളത്. 10.7.2018 ലെ സ.ഉ(സാ.ധ).നം.2230/2018/ആ.കു.വ പ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനൊപ്പം (KMSC) വിലക്കുറവും, ഗുണമേൻമയുള്ളതുമായ മരുന്നുകൾ SATHHES യുടെ കീഴിലുള്ള 'In House Drug Bank'(IHDB) ൽ ലഭ്യമാണങ്കിൽ സാധാരണ പർച്ചേസ് റൂൾ പാലിച്ചുകൊണ്ട് മരുന്നു വാങ്ങുന്നതിനു തിരുവനന്തപുരം,കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

ടി പ്രോജക്റ്റുകൾ പ്രകാരമുള്ള പർച്ചേസുകളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. KMSC യിൽ പ്രസ്തുത മരുന്നുകൾ ലഭ്യമാണോ എന്നും, ആയവയുടെ വിലനിലവാരവും എപ്രകാരമാണ് എന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ IHDB യുമായുള്ള നിരക്ക് വ്യത്യാസം വ്യക്തമാവുകയുള്ളൂ. അപ്രകാരം ചെയ്യതായി കാണുന്നില്ല.

2. എസ്റ്റിമേറ്റ് തുക ഒരു ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ -2013 ഖ.7.7 പ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ്. അപ്രകാരം ചെയ്യതായി കാണുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 19.7.2021ൽ ഓഡിറ്റ് അന്വേഷണം-13 നൽകിയിരുന്നു.**ആയതിന് 9.8.2021 ന് മറുപടി നൽകിയിട്ടുണ്ട്.ഭാവിയിൽ നടത്തുന്ന പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കേണ്ടതാണ്.**

## 1-38 ലാബിലേക്ക് അവശ്യ ഉപകരണങ്ങളും ഉൽപ്രേരകങ്ങളും വാങ്ങൽ

എഫ്. എച്ച്. സി ലാബിലേക്ക് അവശ്യ ഉപകരണങ്ങളും ഉൽപ്രേരകങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റിൽ Lab X എന്ന സ്ഥാപനത്തിന് 36595/- രൂപയും, ABC Diagonostics എന്ന സ്ഥാപനത്തിന് 90041/-രൂപയും , Cresent Lab Equipments എന്ന സ്ഥാപനത്തിന് 23364/ രൂപയും (ആകെ 1,50,000/- രൂപ) വിവിധ ബില്ലുകളിലായി നൽകിയിട്ടുണ്ട്. സ്ഥിരമായി ലാബിലേക്ക് അവശ്യ ഉപകരണങ്ങളും ഉൽപ്രേരകങ്ങളും വാങ്ങുന്ന സാഹചര്യത്തിൽ ആയവ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 19.7.2021ൽ ഓഡിറ്റ് അന്വേഷണം-13 നൽകിയിരുന്നു.**ആയതിന് 9.8.2021 ന് മറുപടി നൽകിയിട്ടുണ്ട്.**സ്ഥിരമായി ലാബിലേക്ക് അവശ്യ ഉപകരണങ്ങളും ഉൽപ്രേരകങ്ങളും വാങ്ങുന്ന സാഹചര്യത്തിൽ ,ആയവ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്ന കാര്യവും, കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാകുന്നതിനുള്ള നടപടികളും പരിഗണിക്കാവുന്നതാണ്.

## 1-39 അംഗനവാടി പോഷകാഹാര പദ്ധതി -ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം അനുപൂരക പോഷകപദ്ധതി പ്രകാരം 5ലക്ഷം കേന്ദ്രവിഹിതംഉൾപ്പെടെ ആകെ 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ അടങ്കൽ : 20,00,000(വി.ഫ-ജനറൽ 15,00,000+കേന്ദ്ര വിഹിതം 500000) | |
| ചെലവ് : 20,00,000 | |
| നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| സ്റ്റാന്റിംഗ് കമ്മിറ്റി : ക്ഷേമകാര്യം | |
| ബിൽനം/ചെക്ക് നം, തീയതി | തുക |
| 1/2019-20, 29.7.2019 | 585804 |
| 8/2019-20, 29.8.2019 | 39921 |
| 6/2019-20,29.8.2019 | 100035 |
| 16/2019-20,6.11.2019 | 132902 |
| 12/2019-20,18.10.2019 | 342104 |
| 24/2019-20,4.1.2020 | 299234 |
| 398820/31.3.2020 | 277394(കേ.വിഹിതം) |
| Voucher No.21900620/18.1.20(Cheque No.ലഭ്യമല്ല) | 110856(കേ.വിഹിതം) |
| 398824/31.3.20 | 111750(കേ.വിഹിതം) |

I)ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 1,32,902-രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബിൽ നം: 16/19-20/6.11.2020 പ്രകാരം മാറിയ പ്രസ്തുത തുക V Mix ന് നല്കിയ തുക എന്ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

പദ്ധതി സംബന്ധിച്ച അനുബന്ധ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

Ii) ക്യാഷ്ബുക്കുമായി പൊരുത്തമില്ല

പ്രസ്തുത പദ്ധതിയുടെ ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവും, വാർഷിക ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തമില്ല. ക്യാഷ്ബുക്ക് പ്രകാരം പ്രസ്തുത പദ്ധതിക്കായിആകെ 1944684-രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 13.10.19 തീയതിയിൽ ക്യാഷ്ബുക്ക് എൻട്രി വരുത്തിയിട്ടുള്ള 84605- രൂപ അയിരൂർപ്പാറ ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന് നല്കി എന്ന് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു .എന്നാൽ അപ്രകാരം ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട് എങ്കിലും പാസ്സായിട്ടില്ല. ക്യാഷ്ബുക്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ക്യാഷ്ബുക്ക് എൻട്രികൾകൃത്യമായി നടത്തി ക്യാഷ് ബുക്ക് പരിപാലനം കുറ്റമറ്റതാക്കേണ്ടതാണ്.

Iii)സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പാലിക്കുന്നില്ല.

അനുപൂരകപോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ടി.എച്ച്.ആർ.എസ് മിശ്രിതം അടക്കമുള്ള ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ചയുണ്ട്. പലമാസങ്ങളിലും സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻവോയ്സ് നം/തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ മാസവും സാധനങ്ങൾ സ്റ്റോക്കിലെടുത്തിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഏത് ഇൻവോയ്സ് പ്രകാരം ഡെലിവറി നടത്തിയിട്ടുള്ളതാണ് എന്ന രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ലഭ്യമായ സാധനങ്ങൾ മുഴുവൻ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല. ചില ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

അയിരൂർപ്പാറ ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ GS745 /26.6.2019,GS3592 /14.3.2020 എന്നീ ഇൻവോയ്സുകൾപ്രകാരമുള്ള ഇനങ്ങൾ, കൃഷ്ണാ ന്യൂട്രിമിക്സിന്റെ 155/6.8.19 പ്രകാരമുള്ള THRS മിശ്രിതം എന്നിവ ഇൻവോയസ് പ്രകാരമുള്ള അളവുകളും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലിലും പൊരുത്തക്കേടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 24/22.07.2021 ) ന് മറുപടി ലഭ്യമാക്കിയില്ല.

<u>Iii)മോണിട്ടറിംഗ്</u>

ഈ പദ്ധതി ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. 29.1.2018 ലെ സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ (വാർഷിക പദ്ധതി മാർഗരേഖ) യിലെ ഖണ്ഡിക 7.8.2 (4)പ്രകാരം അങ്കണവാടി പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പ് വരുത്താൻ അങ്കണവാടി വെൽഫെയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകുന്ന രീതിയിൽ അവയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് ഭരണസമിതി മുഖേന ക്രമീകരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകളോ, രജിസ്റ്ററുകളോ രേഖകളോ ലഭ്യമല്ല. പദ്ധതി മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് "സ്ത്രീകളുടെയും കുട്ടികളുടെയും വികസനം" സർക്കാർ മാർഗരേഖയിൽ നിഷ്കർഷിക്കും വിധം പദ്ധതി മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്

ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## <u>1-40 കാരുണ്യ ബഡ്സ് സ്കൂൾ- ഇന്ധന ചെലവ്-16255 രൂപ നിരാകരിക്കുന്നു</u>

ബഡ്സ് സ്കൂളിലെ കുട്ടികളുടെ യാത്രക്ക് വേണ്ടി KL22 L8638 നമ്പറായുള്ള പഞ്ചായത്ത് വക മിനി ബസിന്റെ ഡ്രൈവറുടെ വേതനം, ഇന്ധനമുൾപ്പെടെയുള്ള മറ്റ് വാഹന ചെലവുകൾഎന്നിവക്കായി എെസിഡിഎസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നാല് ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്റ്റ് . വാഹനത്തിന്റെ ഫ്യൂവൽ ചാർജ്ജിനത്തിൽ കമലാ ഫ്യൂവൽസിന് 50,000രൂപ നല്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ കണക്കിലെടുത്ത് 16255 രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്

## 1-41 കാരുണ്യ ബഡ്സ് സ്കൂൾ- വാഹന ചെലവും, ഡ്രൈവറുടെ വേതനവവും-69134 രൂപയുടെ തടസ്സം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി തയ്യാറാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം 2019-20 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്ന് നാല് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് . പ്രോജക്റ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോ.നം. 200/2019-20 കാരുണ്യ ബഡ്സ് സ്കൂൾ- വാഹന ചെലവും, ഡ്രൈവറുടെ വേതനവവും

ആകെ അടങ്കൽ : 400000-(തനത് ഫണ്ട് ) ചെലവ് : 400000

| തുക | ചെക്ക് നം, തീയതി(DCB) |
|---|---|
| 43400 | 213163/1.8.19 |
| 16800 | 213190/21.8.19 |
| 99911 | 337011/17.10.19 |
| 14700 | 337052/28.12.19 |
| 53296 | 337975/26.2.20 |
| 11763 | 337964/20.2.20 |
| 100000 | 398820/31.3.20 |
| 14700 | 337052/28.11.19 |
| 16100 | 337089/28.12.19 |
| 12600 | 337918/18.1.20 |
| 16800 | ** |

മേൽ പ്രോജക്റ്റ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെചേർക്കുന്നു.

1)** പഞ്ചായത്തിന്റെ വാർഷിക ചെലവ് പത്രിക പ്രകാരം പ്രസ്തുത പ്രോജക്റ്റിന്റെ ചെലവ് 400000 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ബിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ 383270രൂപനല്കിയതായാണ് വ്യക്തമാകുന്നത്. പ്രസ്തുത വ്യത്യാസം വിശദീകരിക്കപ്പെടാൻആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.50/4.8.2021)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വ്യത്യാസം വന്നതുകയായ 16800 രൂപ തടസ്സത്തിൽ വയ്ക്കുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2)തിരുവനന്തപുരം ജില്ലാ കോഓപ്പറേറ്റീവ് ബാങ്കിന്റെ 337011/17.10.2019 ചെക്ക് പ്രകാരം മാറിയ 88,211-രൂപയിൽ നിന്ന് ബഡ്സ് സ്കൂൾ ടീച്ചർ ശ്രീമതി സുജിമ എസിന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് (SBI A/C No.57045755888) 52334- രൂപയും, ഫ്യൂവൽ ചാർജ്ജിനത്തിൽ കമലാ ഫ്യൂവൽസിന് 35877-രൂപയും (SBI A/C No.38310337690) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. 2019 മെയ്,ജൂൺ,ജൂലായ് ,സെപ്റ്റംബർ മാസങ്ങളിലെ വിവിധ തീയതികളിലായി കമലാ ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഇന്ധനം നിറച്ചതിന്റെ 83341-രൂപയുടെ വൗച്ചറുകളും, വാഹനത്തിന്റെ മറ്റ് അനുബന്ധ ചെലവുകൾ പ്രകാരമുള്ള 4870-രൂപയുടെ വൗച്ചറുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്(83341 + 4870= 88,211) എന്നാൽ ശ്രീമതി സുജിമയുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് തുക നല്കിയത് സംബന്ധിച്ചും, പ്രസ്തുത തുകയുടെ വിനിയോഗ

വിവരം സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 32/26.07.20121 നം. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. കൂടാതെ ശ്രീമതി സുജിമ എസിന്റെ വ്യക്തിഗത അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ പ്രോജക്റ്റ് പ്രകാരമുള്ള പ്രസ്തുത തുക( 52334രൂ) ക്രെഡിറ്റായിട്ടില്ല. മേൽ വിവരിച്ച സാഹചര്യങ്ങളിൽ തുകയുടെ വിനിയോഗവിവരം സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ 52334രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ/ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3) തിരുവനന്തപുരംജില്ലാകോഓപ്പറേറ്റീവ് ബാങ്ക് ചെക്ക് നം 337975/262.2021 പ്രകാരം പ്രസ്തുത പ്രോജക്റ്റിനായി പഞ്ചായത്തിൽ നിന്ന് 53296 രൂപ നല്കിയിട്ടുണ്ട്.

എന്നാൽ എെ.സി.ഡി.എസ് സൂപ്പർവൈസർ 53926 രൂപയുടെ(630രൂപ കൂടുതൽ) വെബ്സാംഖ്യ ബില്ലാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൻപ്രകാരം പ്രകാരം കമലാ ഫ്യൂവൽസിന് 50,000രൂപ യും, 3926രൂപ ബഡ്സ് സ്കൂൾടീച്ചർ ശ്രീമതി.സുജിമക്കുംനല്കിയിട്ടുണ്ട്. ഇപ്രകാരം തുകയിൽവന്നിട്ടുള്ള വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വഷണത്തിനം മറുപടി നല്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-42 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന നിക്ഷേപ പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

| പദ്ധതിയുടെ നം./പേര് | ചെലവു തുക | നിർവഹണ ഉദ്യോഗസ്ഥൻ | നിർവഹണ ഏജൻസി |
|---|---|---|---|
| 100-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 91832- (തനതു) | സെക്രട്ടറി | കെ.എസ്.ഇ.ബി. |
| 133-വേങ്ങോട് മാർക്കറ്റിൽ കുഴൽ കിണർ നിർമാണം | 187210-(130400-ധന+ 56810-തനതു) | ,, | ഭൂജല വകുപ്പ് |
| 209-വേങ്ങോട് വാർഡിൽ ചേനവിള അമ്പാലിക്കോണം കുടിവെള്ള പദ്ധതി | 397386-(ധന) | ,, | കേരള വാട്ടർ അതോരിറ്റി |
| 226-ആയൂർവേദ ആശുപത്രിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 22000-(തനതു) | ,, | കേരള വാട്ടർ അതോരിറ്റി |
| 56-കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (SC) | 499000-(SCP) | അസിസ്റ്റന്റ് സെക്രട്ടറി | കേരള വാട്ടർ അതോരിറ്റി |
| 231-തെറ്റിച്ചിറ പട്ടികജാതി സങ്കേതത്തിൽ വൈദ്യുതി ലൈൻ നീട്ടൽ (SC) | 97940- (SCP) | ,, | കെ.എസ്.ഇ.ബി. |
| ആകെ | 1295368- | | |

കൂടാതെ, സെക്രട്ടറി നിർവഹണം നടത്തിയ '1-IKM വിഹിതം നല്കൽ' 100000-രൂപ (പൊതു), എച്ച്.എം., ഗവ.യു.പി.എസ്. നടപ്പിലാക്കിയ '4-എസ്.എസ്.എ വിഹിതം നല്കൽ' 9,18,000/-രൂപ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12, 26 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത 2313368-രൂപയുടെ (1295368+100000) ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തി സമയബന്ധിതമായി മേൽ പദ്ധതികളുടെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 ദുരിതാശ്വാസ നിധി -അപാകതകൾ

പോത്തൻകോട് ഐരുപ്പാറാ കർഷക സർവീസ് സഹകരണ ബാങ്കില് അക്കൌണ്ട് നം.16296ൽ നിക്ഷേപിച്ചിട്ടുള്ള പഞ്ചായത്തിന്റെ ദുരിതാശ്വാസ ഫണ്ടിൽ 12/07/21ൽ 204012-രൂപ അവശേഷിക്കുന്നു. പ്രസ്തുത ഫണ്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2003ലെ കേരള പഞ്ചായത്തു രാജ് (ദുരിതാശ്വാസ നിധി രൂപീകരണം) ചട്ടങ്ങൾ പ്രകാരം നിധിയുടെ വരവു-ചെലവു കണക്കുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. നിലവിൽ ദുരിതാശ്വാസ നിധിക്ക് കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

2) നിധിയുടെ മിനിട്ട്സ് ബുക്കിൽ ഓരോ മാസവും ഈയിനത്തിൽ നല്കുന്ന ധനസഹായത്തിന്റെ പട്ടിക ചേർക്കുന്നുണ്ടെങ്കിലും ആയതു സെക്രട്ടറിയോ പ്രസിഡന്റോ സാക്ഷ്യപ്പെടുത്തുന്നില്ല.

കൂടാതെ, ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ:1-18ൽ പ്രതിപാദിച്ചിരിക്കുന്ന അപാകതകൾ നിലവിലും തുടരുന്നു. ദുരിതാശ്വാസ നിധി രൂപീകരണത്തിലും വരവു-ചെലവു കണക്കുകൾ സൂക്ഷിക്കുന്നതിലും ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 91832-രൂപ (തനതു) KSEBൽ നിക്ഷേപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ലഭ്യമായ വിശദാംശങ്ങൾ ചുവടെ.

| ബിൽ നം. | തുക | മാറ്റി സ്ഥാപിക്കേണ്ട പോസ്റ്റുകൾ |
|---|---|---|
| 119016/8-8-19 | 30436- | M/MP-74/5/1, M/MP-74/5/2, M/MP-74/5/5, M/MP-74/5/4 (22705-), PS-30/9(+7731-) |
| 119033/18-12-19 | 6522- | P/Pp-45/20 |
| 119038/16-1-20 | 46044- | MKV-23 (9252-), MKV-12/2 (+9204-), MKV-12 (+9646-), MKV-12/1 (+9646-),Pole At VM-58/18 (+8696-) |
| 119051/25-2-20 | 5000- | Pole At V2,4,5 &6 |
| 119052/25-2-20 | 3830- | Pole At AP 32/6 |
| | 91832- | |

പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2019-20 വർഷം പോസ്റ്റു മാറ്റുന്നതിന് KSEBൽ തുക നിക്ഷേപിച്ചുവെങ്കിലും KSEB നാളിതുവരെ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അന്വേഷണങ്ങളൊന്നും നടന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.26, 28) മറുപടിയൊന്നും ലഭ്യമായില്ല. മുൻ വർഷങ്ങളിലും പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിക്കായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ അവയുടെ പൂർത്തീകരണം, വിനിയോഗം മുതലായവയും പോസ്റ്റ് മാറ്റുന്നതിന് നടപടിയെടുത്തതിന്റെ നാളിതുവരെയുള്ള പുരോഗമനവും സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 കാരുണ്യ ബഡ്സ് സ്കൂൾ- വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കാരുണ്യ ബഡ്സ് സ്കൂൾവാഹനമായ KL22L8638 നം മിനിബസിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ചയുണ്ട്.

പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഇന്ധനബില്ലുകളിലെ വിവരങ്ങളും ഇന്ധനം നിറക്കുന്നത് സംബന്ധിച്ചുള്ള ലോഗ്ബുക്ക് എന്ട്രികളും, തമ്മിൽ പൊരുത്തമില്ല.

ചിലഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| തീയതി, | ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഇന്ധനബില്ലുകൾ പ്രകാരമുള്ള ഇന്ധന അളവ് | ലോഗ് ബുക്ക് എൻട്രി പ്രകാരമുള്ള ഇന്ധന അളവ് |
|---|---|---|
| 21.8.2019 | 43.33 ലിറ്റർ | 43 ലിറ്റർ |
| 24.8.2019 | 30.72ലിറ്റർ | രേഖപ്പെടുത്തിയിട്ടില്ല. |
| 26.8.2019 | 38.92 ലിറ്റർ | 36.75ലിറ്റർ |
| 28.8.2019 | 33.7 ലിറ്റർ | രേഖപ്പെടുത്തിയിട്ടില്ല (29.8.2019ൽ 34.9ലി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) |
| 28.11.2019 | 46.7 ലി | രേഖപ്പെടുത്തിയിട്ടില്ല (27.11.2019 ൽ 40ലി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) |
| 23.11.2019 | 38.92 | രേഖപ്പെടുത്തിയിട്ടില്ല |
| 15.10.2019 | 38.66 | രേഖപ്പെടുത്തിയിട്ടില്ല (14.10.2019ന് 35L എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) |
| 24.10.2019 | 46.85 | രേഖപ്പെടുത്തിയിട്ടില്ല |

സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച വിശദമായ മർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. (സ.ഉ(പി) നം 803/70/ഫിൻ തീയതി.13.11.1970, കേരളാഫിനാൻഷ്യൽ കോഡ് Vol I-ആർട്ടിക്കിൾ 48, സ.ഉ(എം.എസ്. നം.170/07/ത.സ്വ.ഭ.വ, തീയതി.30.6.2007 )

ഇതിൻപ്രകാരം ഡ്രൈവർ യാത്രാവിവരങ്ങൾ കൃത്യമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, കസ്റ്റോഡിയൻ ഓഫീസർ ലോഗ്ബുക്ക് ഇടയ്ക്കിടെ വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കുകയും, ചെയ്യേണ്ടതാണ്. ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാവർഷവും കൃത്യസമയത്ത് നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിരച്ചിരിക്കേണ്ടതുമാണ്. കൂടാതെ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെക്കുറിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസാവസാനം തന്നെ രേഖപ്പെടുത്തേണ്ടതാണ്. (സർക്കുലർ നം. 41/2008/ധനം02/08/2008). എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നം. 52/4.8.21 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിച്ച് കൊണ്ട് കൃത്യമായും സുതാര്യമായും വാഹനങ്ങളുടെ ലോഗ്ബുക്ക് പരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ചുമതലപ്പെട്ട നിർവഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കാരുണ്യ ബഡ്സ് സ്കൂൾ- ഇന്ധന ചെലവ്-16255 രൂപ നിരാകരിക്കുന്നു

ബഡ്സ്കൂളിലെ കുട്ടികളുടെ യാത്രക്ക് വേണ്ടി KL22L8638 നമ്പറായുള്ള പഞ്ചായത്ത് വക മിനി ബസിന്റെ ഡ്രൈവറുടെ വേതനം, ഇന്ധനമുൾപ്പെടെയുള്ള മറ്റ് വാഹന ചെലവുകൾഎന്നിവക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നാല് ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്റ്റ് . പ്രോജക്റ്റിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോ.നം. 200/2019-20, കാരുണ്യ ബഡ്സ് സ്കൂൾ- വാഹന ചെലവും, ഡ്രൈവറുടെ വേതനവവും

ആകെ അടങ്കൽ : 400000-(തനത് ഫണ്ട്)

ചെലവ് : 400000

| തുക | ചെക്ക് നം, തീയതി(DCB) |
|---|---|
| 43400 | 213163/1.8.19 |
| 16800 | 213190/21.8.19 |
| 99911 | 337011/17.10.19 |
| 14700 | 337052/28.12.19 |
| | |

| | |
|---|---|
| 53296 | 337975/26.2.20 |
| 11763 | 337964/20.2.20 |
| 100000 | 398820/31.3.20 |
| 14700 | 337052/28.11.19 |
| 16100 | 337089/28.12.19 |
| 12600 | 337918/18.1.20 |
| 16800 | ** |

(** പഞ്ചായത്തിന്റെ വാർഷിക ചെലവ് പത്രിക പ്രകാരം പ്രസ്തുത പ്രോജക്റ്റിന്റെ ചെലവ് 400000 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ബിൽ രജിസ്റ്റർ പ്രകാരം 383270രൂപഎന്ന് കാണുന്നു. പ്രസ്തുത വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.)

തിരുവനന്തപുരം ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്കിന്റെ 337975/ 26.02.2020 ചെക്ക് പ്രകാരം മാറിയ 53296-രൂപയിൽ നിന്ന് ഫ്യുവൽ ചാർജ്ജിനത്തിൽ കമലാ ഫ്യുവൽസിന് 50,000രൂപ നല്കിയിട്ടുണ്ട്. എന്നാൽ 2020ഫെബ്രുവരി മാസം നല്കിയിട്ടുള്ള പ്രസ്തുത തുകയുടെ ചെലവ് വൗച്ചറുകളിൽ മാസങ്ങൾക്ക് ശേഷമുള്ള ഇന്ധനബില്ലുകളും ഉൾപ്പെടുത്തിയിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ/ വൗച്ചർനം. | തീയതി | ബിൽ തുക | അനുവദിച്ചത് | ചെക്ക് തീയതിക്ക് ശേഷമുള്ള ചെലവുകൾ ചെക്ക് തുകയിൽ ഉൾപ്പെടുത്തിയത് |
|---|---|---|---|---|---|
| 1 | 3327 | 23.11.2020 | 3580.69 | 3580 | 3580 |
| 2 | 3200 | 29.11.2020 | 3200.17 | 3200 | 3200 |
| 3 | 3269 | 5.3.2020 | 3900 | 3900 | 3900 |
| 4 | 4776 | 6.3.20 | 2475 | 2475 | 2475 |
| 5 | 4873 | 14.3.20 | 3100 | 3100 | 3100 |
| 6 | 5055 | 28.8.19 | 2490 | 2490 | - |
| 7 | 4287 | 28.11.2019 | 3300 | 3300 | - |
| 8 | 5011 | 26.8.19 | 2775 | 2775 | - |
| 9 | 4951 | 21.8.19 | 3100 | 3100 | - |
| 10 | 3571 | 15.10.19 | 3280 | 3280 | - |
| 11 | 4007 | 1.10.19 | 3024 | 3024 | - |
| 12 | 3170 | 24.10.19 | 3750 | 3750 | - |
| 13 | 3287 | 30.10.19 | 3691.41 | 3691 | - |
| 14 | 5386 | 24.8.19 | 2690 | 2690 | - |
| 15 | 4163 | 14.10.19 | 3269.63 | 3269 | - |
| 16 | 4251 | 21.10.19 | 3259.72 | 2376 | - |
| | ആകെ | | 50885.62 | 50,000 | 16255 |

മേൽപട്ടിക പ്രകാരമുള്ള ഇന്ധന ബിൽ തുകകളിൽ ക്രമ നം 1 മുതൽ 5വരെയുള്ള തുകകൾ പ്രോജക്റ്റിനായി തുക മാറിയ ഫെബ്രുവരി2020ന് ശേഷമുള്ള ഇന്ധനബില്ലുകൾ ആണ്. ഇതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ 32/26.07.2021 നം. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരിച്ച സാഹചര്യങ്ങളിൽ ക്രമ നം 1 മുതൽ 5വരെയുള്ള തുകകൾ ആകെ 16255-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 17000 | കേദാരം -സമഗ്ര നെൽക്കൃഷി വികസനം | 17000 | 0 |
| | | 0 | 44640 | കിണർ റീചാർജ്ജിംഗ് | 44640 | 0 |
| | | 0 | 32000 | കിണർ റീചാർജ്ജിംഗ് (എസ്.സി) | 24000 | 8000 |
| | | 0 | 700000 | ക്ഷീരസമൃദ്ധി | 700000 | 0 |
| | | 0 | 612750 | സ്നേഹ സാന്ത്വനം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 612750 | 0 |
| | | 0 | 50000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 0 | 50000 |
| | 2018-19 | 1100000 | 0 | ബഡ്സ് സ്കൂൾ അടുക്കള നിർമ്മാണം | 347440 | 752560 |
| | | 81900 | 0 | ലൈഫ് (എസ്.സി.) | 80000 | 1900 |
| | | 860288 | 1654270 | ലൈഫ് ജനറൽ | 2500000 | 14558 |
| ആകെ | | 2042188 | 3110660 | | 4325830 | 827018 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 17000 | കേദാരം -സമഗ്ര നെൽക്കൃഷി വികസനം | 17000 | 0 |
| | | 0 | 70000 | ക്ഷീരസമൃദ്ധി | 70000 | 0 |
| | | 0 | 14000 | ഹരിതഭവനം | 14000 | 0 |
| | 2018-19 | 239200 | 0 | സ്കോളർഷിപ്പ് | 0 | 239200 |
| | | 2857 | 0 | ലൈഫ് ജനറൽ | 2000 | 857 |
| | | 96000 | 0 | ജലശ്രീ (എസ്.സി) | 36000 | 60000 |
| | | 502406 | 0 | ലൈഫ് (എസ്.സി) | 500000 | 2406 |
| | | 200000 | 0 | - | 0 | 200000 |
| ആകെ | | 1040463 | 101000 | | 639000 | 502463 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കേരള വാട്ടർ അതോറിറ്റി | 4938735 | 56/20 കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-എസ്.സി | 499000 | 0 | 499000 | * 1369852 | 4487269 |
| | | 209/20 വേങ്ങോട് ചേനവിള അമ്പാലിക്കോണം കടിവെള്ള പദ്ധതി | 397386 | 0 | 397386 | | |
| | | 206/20-ആയുർവേദ ആശുപത്രിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 22000 | 0 | 22000 | | |
| കെ.എസ്.ഇ.ബി** | 1567594 | 231/20-തെറ്റിച്ചിറ പട്ടികജാതി സങ്കേതത്തിൽ വൈദ്യുത ലൈൻ നീട്ടൽ | 97940 | 0 | 97940 | 0 | 1665534 |
| ഭൂജല വകുപ്പ് | 69600 | 133/19 വേങ്ങോട് മാർക്കറ്റിൽ കുഴൽക്കിണർ നിർമ്മാണം | 187210 | 0 | 187210 | 0 | 256810 |
| പി.ഡബ്ല്യു.ഡി | 580000 | - | - | - | - | 0 | 580000 |

*വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല

**സെക്രട്ടറി നിർവഹണം നടത്തിയ പ്രോ.നം100/20-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തി (ചെലവ് തുക 91832/-)ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ഹെഡിൽ ഉൾപ്പെടുത്തിയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി/2018 തീയതി 04.01.2019 | 35280000 | 4320000 | 2632353 | 36967647 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 121387161/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 95989625/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16255/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2823024/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് തുക | ചെലവ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 16255 | ശ്രീമതി.കുമാരി കല.എസ്, ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | | 16255 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 74420/- | ഷമീന ബീഗം, എച്ച്.എം.ഗവ.യുപി.എസ് |
| 1-35 | 2,50,000/- | |
| 1-39 | 1,32,902/- | അർച്ചന.എ.ആർ ,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-41 (1,2) | 52334/- | |
| 1-42 | 798428/- | 1)സിജു.പി, സെക്രട്ടറി<br>2)സുനിൽ വി.അബ്ബാസ്, സെക്രട്ടറി |
| | 596940/- | 1)സബീന എൻ,അസി.സെക്രട്ടറി<br>2)സുരേഷ് കുമാർ,അസി.സെക്രട്ടറി |
| | 918000/- | ഷമീന ബീഗം, എച്ച്.എം.ഗവ.യുപി.എസ് |
| ആകെ | 2823024/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കുമാരി കല എസ്<br>ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ<br>ഐ.സി.ഡി.എസ് സൂപ്പർ പ്രോജക്ട്<br>പോത്തൻകോട്, കഴക്കൂട്ടം. | മുരളീരവം ,പണിമൂല അണ്ടൂർക്കോണം.പി.ഒ |
| ഷമീന ബീഗം, എച്ച്.എം.ഗവ.യുപി.എസ് | എച്ച്.എം.ഗവ.യുപി.എസ് | താന്നിമൂട്ടിൽ വീട് , വാവറ അമ്പലം, പോത്തൻകോട് |
| അർച്ചന എ.ആർ ,ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് അർബൻ 4,നേശമണി ഹാൾ, പൌഡിക്കോണം | പഴയമഠം, ചെറുവക്കൽ,ശ്രീകാര്യം |
| സിജു.പി,സെക്രട്ടറി | സെക്രട്ടറി | റ്റി.സി-12/1790/1,മുണ്ടക്കൽ ലൈൻ, നാലാഞ്ചിറ |
| സുനിൽ വി.അബ്ബാസ്, സെക്രട്ടറി | സെക്രട്ടറി, പോത്തൻകോട് ഗ്രാ.പ | മാജി മൻസിൽ, റ്റി.സി 16/922, ജഗതി |
| സബീന എൻ, അസി.സെക്രട്ടറി | അസി സെക്രട്ടറി | എം.എം നിവാസ്,കൈപ്പള്ളി റോഡ്, ചിറ്റാറ്റുമുക്ക് |
| സുരേഷ് കുമാർ | അസി.സെക്രട്ടറി, പോത്തൻകോട് ഗ്രാമപഞ്ചായത്ത് | സദ്ഗമയ,കോലിയക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 2 | |

| | | | |
|---|---|---|---|
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.16.06.2018 | 1 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 3 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 6 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 1 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 4 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 5 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 7 | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 3 | |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1365/16 തീ.01.08.2016 | 14 | |
| 2015-16 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/2066/16 തീ.03.12.2016 | 22 | |
| 2016-17 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1658/17 തീ.05.08.2017 | 24 | |
| 2017-18 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/2410/18 തീ.19.01.2019 | 30 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/339/2020 തീ.30.06.2020 | 31 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.22/9/21

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്